## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 853 10.06.2019-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | രാജ്യത്തെ പത്ത് ലക്ഷം ആദിവാസി കുടുംബങ്ങളെ വനത്തിൽ നിന്നും ഒഴിപ്പിക്കുവാനുള്ള സുപ്രീംകോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് തിരിച്ചടി യാകുമോയെന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിൽ, വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിച്ചതിനു ശേഷവും വനഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹു. സുപ്രീം കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി ഇക്കാര്യത്തിലുള്ള വിശദമായ അഫിഡവിറ്റ് ബഹു. സുപ്രീം കോടതിയിൽ നൽകുന്നതാണ്. കൂടാതെ, ഈ കേസിൽ സുപ്രീം കോടതിയുടെ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുമില്ല. ആയതിനാൽ ടി ഉത്തരവ് വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് തിരിച്ചടിയാകുന്നില്ല. മാത്രവുമല്ല, വയനാട് ജില്ലയിൽ ഡി.എൽ.സി നിരസിച്ച അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |
| ബി) | വയനാട്ടിലെ ആദിവാസി കുടുംബ ങ്ങളിൽ എത്ര ശതമാനം പേർക്ക് വനാവകാശ നിയമപ്രകാരം ഇതിനകം ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടു ത്തുമോ; | ബി) | വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങളിൽ 12.56% പേർക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. |
| സി) | നിലവിൽ വനാവകാശ നിയമപ്രകാരം ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളെ ഈ വിധി എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ; | സി) | നിലവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാ വകാശരേഖ നൽകുന്നതിൽ ഈ വിധി തടസ്സമാകുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | ആദിവാസി വിഭാഗങ്ങളെ കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ നിന്നും രക്ഷിക്കുന്നതിന് ഏത് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | ഡി) | സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി വിശദമായ അഫിഡവിറ്റ് ബഹു. സുപ്രീം കോടതിയിൽ നൽകുന്നതാണ്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരം അപേക്ഷിച്ചവരുടെ അപേക്ഷ അകാരണമായി നിരസിച്ചുവോയെന്ന പരിശോധന നടത്തി നടപടി സ്വീകരിച്ചു വരികയുമാണ്.<br><br>വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുവാൻ അർഹരായ എല്ലാ പേർക്കും കൈവശരേഖ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**